## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4303 — 17.12.2014 -ൽ മറുപടിക്ക്

## ദേശീയ ആരോഗ്യ മിഷൻ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻ വഴി എത്ര രൂപയാണ് 2013-14 വർഷം ലഭ്യമായത് ; | (എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻ വഴി 2013-14 വർഷം 280.657 കോടി രൂപയാണ് അനുവദിച്ചത്. |
| (ബി) ഈ വർഷം നാളിതുവരെ എത്ര തുക ലഭിച്ചു ; | (ബി) ഈ വർഷം നാളിതുവരെ 165.34 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) തുക ഫലപ്രദമായി വിനിയോഗിക്കാൻ വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ? | (സി) സംസ്ഥാനം തയ്യാറാക്കുന്ന പദ്ധതി നടത്തിപ്പ രേഖയുടെയും, കേന്ദ്രത്തിന്റെ സംസ്ഥാനങ്ങൾക്കുള്ള റിസോഴ്സ് എൻവലപ്പിന്റേയും അടിസ്ഥാനത്തിലാണ് കേന്ദ്രം ഫണ്ട് അനുവദിക്കാറുള്ളത്. അനുവദിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകൾക്കും ബഡ്ജറ്റ് അനുവദിച്ച് കൊടുത്തിട്ടുണ്ട്. എല്ലാ മാസവും കൃത്യമായി ഈ പദ്ധതികൾ തുക വിനിയോഗത്തിന്റെ അടിസ്ഥാനത്തിലും പദ്ധതി നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിലും വിലയിരുത്തുകയും അതാത് വകുപ്പ് തലവൻമാരിൽ നിന്നും വിശദീകരണങ്ങൾ ശേഖരിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ